**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2108** **14-10-2024 - ൽ മറുപടിയ്ക്ക്**

**വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം നിലവിൽ 3 ബ്ലോക്കുകളായി 52% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | കരാറുകാരന്റെ ഭാഗത്ത് നിന്നുണ്ടായ പ്രശ്നങ്ങൾ കാരണം മന്ദഗതിയിലായ പ്രവൃത്തി, തടസ്സങ്ങൾ മാറ്റി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ വിഭാഗങ്ങളിലായി ഏതെങ്കിലും ടെൻഡർ നടപടികൾ പൂർത്തീകരിക്കാനുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിയിലെ എം.ജി.പി.എസ് ഒഴികെയുള്ള വിവിധ വിഭാഗങ്ങളിലെ പ്രവൃത്തികളെല്ലാം ടെണ്ടർ ചെയ്തിട്ടുണ്ട്. |
| (ഡി) | നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ആശുപത്രി എന്നത്തേക്ക് ജനങ്ങൾക്ക് തുറന്ന് കൊടുക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | നിർമ്മാണ പ്രവൃത്തികൾ 2025 ഏപ്രിൽ മാസത്തോടുകൂടി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ